# ആ കതിർ കാലങ്ങളുടെ നിറവും മണവും...

സി. രാജഗോപാൽ

മേടപ്പുതുമഴയിൽ കുതിർന്ന പുതുമണ്ണിന്റെ ഗന്ധം... കഴിഞ്ഞുപോയ കൊയ്ത്തുകാലത്ത് ചേറിയുണക്കി അരയിൽ സൂക്ഷിച്ച വിത്ത് പൊടിവിതക്ക് പുറത്തെടുക്കുമ്പോഴുള്ള നറുമണം.

ഞാറുപാവാൻ നനവെച്ച് തൊണ്ട പൊട്ടിക്കിളിർക്കുന്ന നെൽവിത്തിന്റെ പേറ്റുഗന്ധം....

ചാണകവും പച്ചിലയും ചേർന്ന ഴുകിയ വയൽച്ചേറിന്റെ പശിമഗന്ധം...

ഉച്ചമൂക്കുന്ന പാടത്ത് വെയിലുകായുന്ന വയൽ പച്ചയുടെ കാറ്റലയിലെത്തുന്ന ഗന്ധം....

കതിരു വരും കാലത്തെ നെല്ലിൻ പൂമണം....

കൊയ്തരിവാളുതേടുന്ന വിളഞ്ഞ നെല്ലിൻ ഗന്ധം....

തുറുവിനകത്തിരുന്ന് പുഴുകിയ കന്നിവയ്ക്കോലിന്റെ ഗന്ധം.....

നെല്ലിനെക്കുറിച്ചുള്ള ഓർമ്മകളിൽ നിറയെ ഉള്ളുണർത്തുന്ന

കതിരുകാല ഗന്ധങ്ങളുടെ ഘോഷയാത്രയാണ്; കാഴ്ചകളുടെയും.

വേനൽമഴക്ക് പുതലിറങ്ങിയ കണ്ടത്തിൽ കർഷകൻ കന്നുപൂട്ടുന്ന ചിത്രം. ഉഴുതുമലയ്ക്കുന്ന പുതുമണ്ണിലേക്ക് വിത്തെറിയുന്ന കർഷകന്റെ അർദ്ധനഗ്ന രൂപം... മണ്ണിന്റെ പുണ്ണുനോക്കി ഉഴവുചാലിലേക്ക് പറന്നിറങ്ങുന്ന വെള്ളക്കൊറ്റികളുടെ വർണ്ണരാജി... ദൂരെ വലിയ വരമ്പിലൂടെ നെല്ലുകറ്റയും തലയിലേന്തി നടന്നകലുന്ന പെണ്ണുങ്ങൾ... കരിയും നുകവും തോളിൽവെച്ച് കന്നിനെയും തെളിച്ച് ഇടവഴിയിലൂടെ വളവുതിരിഞ്ഞ് പ്രത്യക്ഷപ്പെടുന്ന കർഷകൻ.

കന്നിനും കൃഷിക്കും കന്നിവയലുകൾക്കും നാവോറു പാടാനായി കുടവും വീണയുമായി പടിപ്പുരകടന്നു വരുന്ന പുള്ളുവനും പുള്ളുവത്തിയും...



മച്ചുത്തരങ്ങളിൽ കതിർക്കുലകൾ നിരന്നുതൂങ്ങുന്ന ചിത്രപ്പൂമുഖങ്ങൾ.

കന്നുതെളിപ്പാടത്തെ ആഹ്ലാദാരവങ്ങൾ...

മെതികഴിഞ്ഞു പൊലിയളക്കുന്ന കളമുറ്റത്തു നിന്നുയരുന്ന പൊലിപ്പാട്ടുകൾ...

കാലവും നേരവും നോക്കാതെ ഇന്നും ഇടക്കിടക്ക് കടന്നുവന്ന് ഓർമ്മയുടെ ഇന്ദ്രിയങ്ങളെയൊക്കെ നൊമ്പരപ്പെടുത്തുന്ന കതിർകാലങ്ങൾ.

**എവിടെ ആ മലനാടു കൊയ്ത്തുകാരി ?**

'ഏകാന്തതയിലെ കൊയ്ത്തുകാരി' എന്ന വേഡ്സ്വർത്ത് കവിത അധ്യാപകൻ ക്ലാസിൽ പഠിപ്പിക്കുമ്പോൾ മനസ്സുനിറയെ സ്വന്തം വീട്ടുവളപ്പിലെ ഓണക്കൊയ്ത്തായിരുന്നു. ഒരു ചെറിയ കുന്നിന്റെ ചെരുവിലെ തട്ടുതട്ടായ കണ്ടങ്ങളിൽ വിളഞ്ഞുനിൽക്കുന്ന മോടൻവിത മഴവില്ലു പൊടിഞ്ഞു തൂവിയതുപോലുണ്ടാവും. അവിടെയാണ് ചിങ്ങവെയിലിൽ തത്തകൾ ചിലച്ചു ചിറകടിച്ച് കതിരു മുറിയാനെത്തുന്നേരം അമ്മമ്മയും ചെറിയമ്മമാരും അമ്മാമൻമാരും ഞങ്ങൾ കുട്ടികളായിരുന്നവരും അരിവാളുമായി ഇറങ്ങി കൊയ്ത്തുത്സവം ആഘോഷിച്ചിരുന്നത്.

കവിയുടെ വയലിൽ എന്തേ അവൾ തനിച്ചായിപ്പോയി എന്ന് ആലോചിച്ചുനോക്കിയിട്ടുണ്ട്. ഒറ്റക്കാണെങ്കിലും അവൾ ഭൂമിതൊട്ട് ആകാശം വരെ നിറഞ്ഞുനിൽപ്പാണ്. അഗാധമായ താഴ്വരകളിലെങ്ങും ഈണമായി പടരുകയാണ്.

* * * * * *

മഴമാറി ചിങ്ങവെയിലും നിലാവും കുന്നിറങ്ങി വരുന്നേരം ഗ്രാമത്തിലെ താഴ്വരകളാകെ പൂത്തുവിടരും. മലഞ്ചെരുവിലെ തട്ടുതട്ടായ നിലങ്ങളിൽ ഓണക്കൊയ്ത്തിനു പാകമായ നെൽച്ചെടികളിൽ പച്ച കുറഞ്ഞ് സ്വർണ്ണനിറം പകരും. കണ്ണാടിച്ചിറകുകൾ വീശി വെയിൽത്തുമ്പികൾ പറന്നുനടക്കും. ചിങ്ങപ്പുലർച്ചെ പുതുമുളകൾ പൊട്ടിമുളക്കുന്ന മുളങ്കാടിനരികിലൂടെ, തുമ്പയും മുക്കുറ്റിയും

കണ്ണാന്തളിയും കാക്കപ്പൂവും പൂത്ത പാടവരമ്പിലൂടെ കൊയ്ത്തുകാരികൾ അരിവാളും കയ്യിലേന്തി വരിവരിയായി നടന്നുനീങ്ങും.

* * * * * *

തറവാട്ടിൽ എല്ലാവരും ഒരുമിച്ചുണ്ടായിരുന്ന കുട്ടിക്കാലത്ത് കൃഷി ഒരു സംസ്കാരം തന്നെയായിരുന്നു. ഭൂമിയെയും ആകാശത്തേയും ഋതുക്കളെയും പരിണയിക്കുന്ന ആഘോഷം. കുപ്പായമിട്ട് വരമ്പത്തുനിന്ന് പണിയെടുപ്പിക്കുക എന്നൊന്ന് ഉണ്ടായിട്ടില്ല. ഷഷ്ഠിപൂർത്തി കഴിഞ്ഞ മുത്തശ്ശനും അമ്മമ്മയും ഏറ്റവുമധികം അധ്വാനിച്ചു. യൗവ്വനത്തിലായിരുന്ന മക്കളും അതിനൊപ്പമെത്താൻ യത്നിച്ചു. പേരക്കുട്ടികൾ അവർക്കിടയിൽ ഉത്സാഹത്തോടെ പരിശ്രമിച്ചു.

ഒരുപ്പൂവിളയുന്ന കരിങ്കൂറ, ഇരുപ്പൂവലെടുക്കുന്ന മാമ്പുഴ, വീട്ടുവളപ്പിൽ കുളത്തിൽനിന്നും ത്ലാം വെച്ചു തേവി നനച്ചെടുക്കുന്ന പള്ള്യാൽ കൃഷി. മാനത്തെ മാത്രം ആശ്രയിച്ചുള്ള മാനപ്പള്ള്യാൽ കൃഷി. മകരക്കൊയ്ത്തിനുശേഷം പുഴയിലെ വെള്ളത്തെ ആശ്രയിച്ച് തീരത്തു ചെയ്യുന്ന പുഞ്ച ഇങ്ങനെ നെൽകൃഷി തന്നെ പലവിധമുണ്ടായിരുന്നു.

ചേനയും ചേമ്പും തൊപ്പക്കിഴങ്ങും, കപ്പയും കൂർക്കയും വെണ്ടയും മുളകും, പയറും, വഴുതിനയും മുതിരയും ഉഴുന്നും എള്ളും ചാമയും അങ്ങനെ പലവക.

വിത്തുസൂക്ഷിപ്പും മണ്ണൊരുക്കലും വിളവിറക്കലും നടീലും വളമിടലും കൊയ്ത്തും മെതിയും എല്ലാം അനുഷ്ഠാനങ്ങൾ! അനുഷ്ഠാനങ്ങൾ പോലെ ചിട്ടയോടെയായിരുന്നു.

വിത്താണ് ഏറ്റവും പ്രധാനം. 'വിത്തറുക' എന്നാൽ മരണം പോലെയായിരുന്നു. വെറും മഞ്ഞിന്റെ നനവിൽ പോലും കതിരിട്ടു വിളയുന്ന പറമ്പുവട്ടൻ മുതൽ പുഴവെള്ളത്തിൽ ആഴ്ചകൾ മുങ്ങിനിന്നാലും അഴുകി നശിക്കാതെ നിൽക്കുന്ന പൊന്നാര്യൻ വരെ പലതരം നാടൻ നെൽവിത്തുകളുണ്ടായിരുന്നു. ചിറ്റ്യാനിയും ചീരായെമ്പാനും തെക്കനും തെക്കൻ ചീരയും വെള്ളരിയും ചെങ്കഴമയും കൂട്ടുമുണ്ടകനും അങ്ങനെ പല തരം കൂട്ടുവിത്തു കൂടുമ്പോൾ അയല്പകത്തുനിന്നും ഒന്നു മാറ്റിവാങ്ങിക്കും. അത്രമാത്രം. വിത്തുചോദിച്ചാൽ ഇല്ലെന്നു പറയരുത്. വിലക്കു നൽകരുത്. മാറ്റമേ പാടുള്ളൂ.

* * * * * *

വിളവുകഴിഞ്ഞ് നിലം കുതിരെ മഴപെയ്താൽ പൊടിപ്പണിയായി. കന്നുപൂട്ടലും പുല്ലെടുക്കലും കട്ടതല്ലലും പടലവലിക്കയും വിത്തെറിയലും ഉണക്കച്ചാണകപ്പൊടിയും വെണ്ണീറും കലർത്തി വീശലും എല്ലാം ചേർന്നതാണിത്.

സ്കൂളു തുറക്കും മുമ്പായതിനാൽ വലിയവർക്കൊപ്പം കുട്ടികളും ഇതിൽ യഥേഷ്ടം പങ്കുചേരും. പുല്ലെടുക്കാനും കരിയില പര



ക്കൊട്ടിയകറ്റാനും കിളിർത്ത് പച്ചയാകുന്ന നെല്ലുതിന്നാനെത്തുന്ന കന്നും പയ്ക്കളെ തെളിക്കാനും അങ്ങിനെ പിടിപ്പതു പണിയുണ്ട് കുട്ടികൾക്ക്. തേക്കിലക്കുമ്പിളിൽ തേങ്ങാപ്പൂളും പഴുത്ത ചക്കച്ചുളയും മുട്ടിക്കുടിയൻ മാമ്പഴവും നിറച്ച് പാടവക്കത്തെ മരത്തണലിൽ ഇലവിരിച്ച് കന്നുതെളിക്കാനിരുന്ന് പാട്ടുപാടിയും കഥപറഞ്ഞും കാറ്റേറ്റുവാങ്ങിയും കന്നിനുപിറകെ പാഞ്ഞും കഞ്ഞികുടിച്ച് വിയർത്തും കഴിഞ്ഞുകൂടിയ എത്രയോ വിത്തിറക്കും കാലങ്ങളുണ്ട് ഓർമ്മകളിൽ.

തടങ്ങളിൽ കരിയിലയിട്ട് കത്തിച്ചുകാഞ്ഞ, വേനൽമഴ പെയ്ത് കുണ്ടും കുഴിയും നിറഞ്ഞാൽ വെണ്ടയും വഴുതിനയും മത്തനും കുമ്പളവും കുത്തിയിട്ടു നനക്കും. ഇതും കുട്ടികൾക്ക് ആഹ്ലാദമാണ്. മുളവരുന്നതും ഇല പിരിയുന്നതും കാത്തിരിക്കുന്നത് വലിയ കൗതുകമാണ്.

വെള്ളം കൂടി ഉറവകളൊഴുകുത്തുടങ്ങിയാൽ മാനപ്പള്ള്യാൽ പൂട്ടി ഊർന്ന് ഞാറുപറിച്ചുനടും. ഉറവച്ചാലുകളെ കെട്ടിത്തിരിച്ചു കൊണ്ടുവന്ന് നട്ട് കണ്ടങ്ങളെ നനയ്ക്കലും കുട്ടികളുടെ ജോലിതന്നെ.

* * * * * *


കർക്കിട സംക്രമത്തിന് പൊട്ടിയെക്കളഞ്ഞശേഷം ദശപുഷ്പങ്ങൾ പറിച്ചുണ്ടാക്കി, വേര് കുഴച്ച മണ്ണിൽ പൊതിഞ്ഞശേഷം പുരയിന്മേൽകുത്തും. മുക്കുറ്റിയും തിരുതാളിയും തിരഞ്ഞ് പറമ്പുകളിൽ ഓടിനടക്കുന്നതും കുട്ടികൾ.

'നിറ' കർക്കിടകത്തിലാണ്. നല്ലദിവസം നോക്കിവേണം നിറയ്ക്കുവാൻ. രാവിലെ കുളിച്ച് കതിരുകൊണ്ടുവരുവാൻ പോണം. കണ്ണെഴുതി കുറിയിട്ട് അലക്കിയ മുണ്ടുടുത്ത് കതിർകറ്റയും തലയിലേന്തി പടികടന്നു വരുമ്പോൾ കുട്ടികളെല്ലാവരും ചേർന്ന് "നിറയോ നിറ... ഇല്ലം നിറ... വല്ലം നിറ... പത്തായം നിറ... എന്നിങ്ങനെ ഉറക്കെ വായ്ത്താരിയിടും. കത്തിച്ച നിലവിളക്കുമായി അമ്മ എതിരേൽക്കാൻ പടിക്കലുണ്ടാവും. ചാണകം മെഴുകി അരിമാവണിഞ്ഞ മുറ്റത്ത് കതിരുവെക്കും. അരിമാവുകൊണ്ട് കുട്ടികളിലും പത്തായങ്ങളിന്മേലും വാൽക്കണ്ണാടി മുദ്രകൾ വെക്കും. പിന്നെ അതിന്മേൽ ചാണക ഉരുളയിൽ പതിച്ച് നെൽക്കതിരുകൾ വെക്കും.

മോടൻകൊയ്ത്തു കഴിഞ്ഞാൽ പുത്തരിയുണ്ടാവും. ആദ്യ മഴക്ക് നട്ടുനനച്ചു വളർത്തിയ വെണ്ടയും പയറും വഴുതിനയും ഇളവനും മത്തനും ചേർന്ന വിഭവങ്ങളും പുത്തനരിയുടെ ചോറും പായസവും ഉള്ളടങ്ങുന്ന പുത്തരി സദ്യക്ക് അയൽക്കാരെയും കൃഷിക്ക് സഹായിച്ചവരെയും ക്ഷണിക്കും.

വീടുകൾതോറും കരിയും നുകവും കന്നുകളും തൊഴുത്തും ഉണ്ടായിരുന്ന ആ കാലം അത്ര പഴയതല്ല.

ഉഴവുമാടുകൾ വീട്ടിലെ അംഗ



നന്നേരാവിലെ, വാങ്കുവിളി ഉയരും മുമ്പേ അമ്മമ്മ എല്ലാവരേയും വിളിച്ചുണർത്തും. പല്ലുതേച്ച് കട്ടൻകാപ്പി കഴിച്ച് എല്ലാവരും കൂടി കൊയ്ത്തിനു പുറപ്പെടും. മഞ്ഞും നിലാവും മാനത്തെ നക്ഷത്രങ്ങളും വിളഞ്ഞു മൂത്ത നെല്ലിന്റെ ഗന്ധവും. മരച്ചില്ലകളിൽ ഉറക്കമുണർന്ന കിളികളുടെ കുതൂഹലങ്ങളും എല്ലാമറിഞ്ഞ് കതിരുകൾ തലവെച്ചുറങ്ങുന്ന പാടവരമ്പിലൂടെയുള്ള നടപ്പ്.

ങ്ങളെപ്പോലെ തന്നെയായിരുന്നു. അവയ്ക്ക് പേരുകളുമുണ്ടായിരുന്നു. കെട്ടുതലയിൽ കിടന്ന് കന്നു കരഞ്ഞാൽ വീട്ടുകാരുടെ മനസ്സലിയും. അടുക്കളപ്പുറത്തെ ചക്കപ്പുഴഗന്ധവും പിടിച്ചെടുത്ത് അതുകിട്ടാനായി അവ കരഞ്ഞുവിളിക്കും. രാവിലെ കന്നിനു കഞ്ഞി തിളപ്പിക്കലും പുറത്തേക്കു വിട്ടാക്കലും, കുളിപ്പിക്കാൻ കൊണ്ടുപോകലും എല്ലാമായി അവയുടെ സാന്നിധ്യം എപ്പോഴും നിറഞ്ഞുനിൽക്കും വീട്ടിൽ. എല്ലാവരും കൂടി വീടുപൂട്ടി എങ്ങോട്ടും പോവില്ല. "മിണ്ടാൻ വയ്യാത്ത രണ്ടെണ്ണല്ല്യേ തൊഴ്ത്ത്ല്.... അവറ്റയ്ക്ക് ത്ര ദാഹ വെള്ളം കൊട്ക്കണ്ടെ...." എന്ന് എല്ലാവരും പറയുമായിരുന്നു.

* * * * * *

മകരക്കൊയ്ത്തുകാലമാണ് ഓർമ്മകളിൽ ഏറ്റവും മിഴിവോടെ നിൽക്കുന്നത്. തിരുവാതിരക്കു പിറകെ വരുന്ന പിൻനിലാവിലാണ് കൊയ്ത്തുതുടങ്ങുക. തൊടിയിൽ മാനംമുട്ടി നിൽക്കുന്ന കരിമ്പനകളിൽനിന്നും തണ്ടുവെട്ടിട്ട് വെയിലത്തിട്ടുവാട്ടി കറ്റക്കയറു ചീകിയുണ്ടാക്കുക മുത്തച്ഛനാണ്. അമ്മമ്മ അരിവാളുകൾ കരുവാന്റെ ആലയിൽ കൊണ്ടുപോയി മൂർച്ചയാക്കി കൊണ്ടുവരും. കരുവാന്റെ ആലയിൽ പോകാൻ കുട്ടികൾക്കും ഉത്സാഹമാണ്. ആലയിൽ ചക്രം തിരിച്ച് ഉലയൂതി തീമൊരികൾ പൂത്തിരികളാകാന്നതു കണ്ടാൽ മതിവരില്ല. കൊയ്ത്തിനു തലേന്ന് കറ്റക്കയറും അരിവാളും ഒരുക്കി വെക്കും അമ്മമ്മ. സ്വന്തം മുറുക്കാൻപൊതിയും ചന്തത്തിൽ പൊതിഞ്ഞുകെട്ടും.

വെയിലു ചൂടാവും മുമ്പെ വലിയൊരു ഭാഗം കൊയ്ത്തുകഴിയും. സൂര്യൻ ഉച്ചിയിൽ കയറുംമുമ്പേ പണിനിർത്തും. പിന്നെ വെയിലാറി കാറ്റോടിയ ശേഷം.

കൊയ്ത്തുതീരുംവരെ കറ്റകെട്ടില്ല. വെയിലും മഞ്ഞുംകൊണ്ട് നെല്ലും വയ്ക്കോലും പതംവരാനും നല്ലതാണത്. കൊയ്ത കണ്ടത്തിൽ വിശാലമായ പാടത്തിനു നടുവിൽ ഉയരുന്ന കറ്റക്കാവൽമാടം കുട്ടികൾക്ക് നക്ഷത്രമാനത്തിനു കീഴെയുള്ള സ്വപ്നക്കൂടാരമാണ്. ആരിച്ചെത്തുന്ന കുളിരിലും പടർന്ന നാട്ടുവെളിച്ചത്തിലും മണ്ണോടുചേർന്നു നിന്നുജീവിക്കുന്ന ഒരു ഗ്രാമത്തിന്റെ ജീവനസംഗീതം മുഴുവൻ അലിഞ്ഞു ചേർന്നിട്ടുണ്ടാവും. പാടത്തിനക്കരെ ഇരുട്ടുകൂടുകെട്ടിയ മരത്തോപ്പുകളിൽ യക്ഷഗന്ധർവ്വന്മാരുണ്ടെന്ന് വെറുതെ സങ്കല്പിക്കും. ഭൂമിയിലെ ഏറ്റവും മനോഹരമായ രാത്രികളേതെന്നു ചോദിച്ചാൽ കറ്റക്കാവൽമാടങ്ങളിൽ ചെലവഴിച്ചതാണെന്നു പറയാൻ ആലോചിക്കേണ്ടതില്ല.

മകരം കൊയ്തു കഴിഞ്ഞ കണ്ടത്തിൽ അയൽപക്കക്കാരൊരുമിച്ചു പച്ചക്കറി കൃഷിചെയ്യാറുണ്ട്. കിണറും വെള്ളവുമുള്ള കണ്ടം തെരഞ്ഞെടുത്ത് ഏത്തം വെച്ച് തേവിനനച്ചാണ് കായ്ക്കറി. നരച്ചുവിണ്ട പാടങ്ങൾക്കുനടുവിൽ കട്ടച്ചുമരുവെച്ച് കെട്ടിത്തിരിച്ച കായ്ക്കറിക്കണ്ടങ്ങളുടെ കൺകുളിർപ്പിക്കുന്ന പച്ചപ്പ് ഇന്ന് തീരെയില്ലാതായിക്കഴിഞ്ഞു. വെള്ളരി, മത്തൻ, കുമ്പളം, പടവലം, കയ്പ, പയറ്, ചീര, വെണ്ട എന്നിവയൊക്കെ ഉണ്ടാക്കാറുണ്ട്. ആരും രാസവളമോ കീടനാശിനിയോ ഉപയോഗിക്കാറില്ല. പച്ചക്കറി വീട്ടാവശ്യം കഴിഞ്ഞാലും ബാക്കിയാവും. കാശിനു വിൽക്കാറില്ല. അയൽപ്പക്കത്തെ കൃഷിയില്ലാത്തവർക്കും കൊടുക്കും. വഴിയേ പോകുന്നവർക്കും കൊടുക്കും. കന്നുകാലികളെ കുളിപ്പിച്ചു കൊണ്ടുവരുമ്പോൾ അവക്കും തിന്നാൻകൊടുക്കും.

വിളഞ്ഞ മത്തനും വെള്ളരിയും കുമ്പളവും വീടിന്റെ മച്ചിൽ വരിവരിയായി കെട്ടിത്തൂക്കും. മുക്കിൽ ഉറി കെട്ടിയും സൂക്ഷിക്കും. ആണ്ടോടാണ്ട് അവ കേടുകൂടാതിരിക്കും. മഴപെയ്ത് വെള്ളമിറങ്ങിയാലേ കായ്കറിക്കണ്ടം 'വെട്ടിവലിക്കൂ'. അടുത്ത വിളയിറക്കാൻ കണ്ടം വൃത്തിയാക്കലാണിത്.

* * * * * *

കന്നിക്കൊയ്ത്തും കരിങ്കലപ്പൂട്ടും തുലാം പണിയും മകരക്കൊയ്ത്തും കാവൽമാടവും കായ്കറികണ്ടവും മകരമഞ്ഞും നക്ഷത്രങ്ങളും കളമെഴുത്തും പുള്ളുവൻപാട്ടും....

* * * * * *

ഇപ്പോഴും രാത്രിയുടെ ഏകാന്തശാന്തമായ ഓർമ്മയാമങ്ങളിൽ നേർത്ത മഞ്ഞിന്റെ അലകൾക്കൊപ്പം അലിഞ്ഞെത്തുന്ന കാറ്റിൽ എണ്ണവിളക്കെരിയുന്ന ഗന്ധമുണ്ട്. പഞ്ചവർണ്ണപ്പൊടികളുടെ വീര്യമുണ്ട്. വീണമീട്ടിപ്പാടുന്ന പുള്ളുവന്റെ ഈണമുണ്ട്. അത് ആർക്കും വേണ്ടാത്ത അനുഗ്രഹമായി, അനാഥമായ തേങ്ങലായി കൊഴുവും വിതയും മറന്ന പാടങ്ങളുടെ ഊഷരമായ വിള്ളൽ ചാലുകളിൽ പെയ്തു നിറയുന്നു.

........ വാരിവിതച്ചതോരു
വിത്തിനും വിത്തടിയാർക്കും
ഊരിവിട്ടതോരു
കന്നിനും കന്നടിയാർക്കും
സ്വത്തിനും സ്വരൂപങ്ങൾക്കും
കേടും, പിഴ, വാട്ടം വരാതെ കണ്ട്
അകമേയിരുന്ന് പുറമെ രക്ഷിക്ക
നാഗയക്ഷി, നാഗരാജാവെ..
ഭൂതരക്ഷി, ഭൂതരാജാവെ..
പറക്കും പറനാഗഭൂതത്താനെ....